പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2598

19/3/2015-ലെ മറുപടിയ്ക്ക്

## സ്വയം തൊഴിൽ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ശശി | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പു മന്ത്രി) |
| (എ) സർക്കാർ ഓരോ വർഷവും സ്വയം തൊഴിൽ പദ്ധതിക്ക് എത്ര രൂപ നീക്കിവച്ചു; അതിൽ ഓരോ വർഷത്തെയും ചെലവെത്രയാണ്; | (എ) എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തിരം മൂന്ന് സ്വയം തൊഴിൽ പദ്ധതികൾ നടപ്പാക്കി വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ പദ്ധതിയിലും ബഡ്ജറ്റിൽ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയുടെ വിവരവും അനുബന്ധം I ആയി ചേർക്കുന്നു. |
| ബി) ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള എണ്ണം എത്ര; | ബി) എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തിരം നടപ്പാക്കുന്ന മൂന്ന് സ്വയം തൊഴിൽ പദ്ധതികളിൽ ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധംII ആയി ചേർക്കുന്നു. |
| സി) ഏതെല്ലാം സ്ഥാപനങ്ങൾ വഴിയാണ് പദ്ധതിക്കായി ചെലവഴിച്ച തുക നൽകിയത്; | സി) എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തിരം നടപ്പാക്കി വരുന്ന സ്വയം തൊഴിൽ പദ്ധതികളിൽ ഗുണഭോക്താക്കൾക്ക് വായ്പ/സബ്സിഡി തുക, ഡിമാന്റ് ഡ്രാഫ്റ്റ് ആയി, വായ്പ അനുവദിക്കുന്ന ബാങ്കുകളിൽ, സ്വയം തൊഴിൽ സംരംഭത്തിന്റെ പേരിൽആരംഭിക്കുന്ന ലോൺ അക്കൗണ്ടിലേയ്ക്ക് ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ മുഖാന്തിരം നൽകുന്നു. ഇതിനായി മറ്റു സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിട്ടില്ല. |

(ഡി) വ്യക്തിഗതമല്ലാത്ത സംരംഭങ്ങൾ എത്ര;എത്ര രൂപ വീതം നൽകി; സ്ഥാപനങ്ങളുടെ പേര് വിവരം ജില്ല തിരിച്ച് നൽകാമോ?

എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തിരം നടപ്പാക്കി വരുന്ന മൂന്ന് സ്വയം തൊഴിൽ പദ്ധതികളിൽ കെസ്റു, ശരണ്യ എന്നിവ വ്യക്തിഗത സ്വയംതൊഴിൽ പദ്ധതികളാണ്. മൾട്ടി പർപ്പസ് സർവ്വീസ് സെന്ററുകൾ/ജോബ് ക്ലബ് പദ്ധതി രണ്ട് മുതൽ അഞ്ച് അംഗങ്ങൾ ചേർന്ന് ആരംഭിക്കുന്ന സംയുക്ത സ്വയം തൊഴിൽ സംരംഭങ്ങൾ (ജോബ് ക്ലബ്ബുകൾ) ആണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സബ്സിഡി നൽകിയിട്ടുള്ള ജോബ് ക്ലബ്ബുകളെ സംബന്ധിച്ച ജില്ല തിരിച്ചുള്ള വിവരം അനുബന്ധം III ആയി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്